**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3325** **08-10-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ എന്തെല്ലാമാണ്; ആയതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു വിന്റെ നിർവ്വഹണപരിധിയിൽ ആകെ 4 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1) <u>മലയോര ഹൈവേ - വിളങ്ങന്നൂർ മുതൽ വെള്ളികുളങ്ങര വരെ</u><br><br>മലയോര ഹൈവേ റോഡിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. പുതുക്കാട് / ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 136.499 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഇതിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന 5.50 കി.മീ. നീളത്തിലുള്ള ഹിൽഹൈവേയുടെ ഭാഗത്തെ TS estimate-നു സാങ്കേതികാനുമതി നൽകുന്നതിന് മുന്നോടിയായി ഫ്രീ സറണ്ടർ വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 16.325 കി.മീറ്ററിൽ പ്ലാന്റേഷൻ ഏരിയ ഉൾപ്പെടുന്ന ഭാഗത്ത് Compensation land ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br><br><u>2) കൊടകര കോടാലി വെള്ളികുളങ്ങര റോഡ്</u><br><br>കൊടകര – കോടാലി – വെള്ളികുളങ്ങര റോഡിന് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 20.78 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരനുമായി എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം കരാർ റദ്ദ് |

ചെയ്യുകയുണ്ടായി. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനുമുള്ള തുകയും ഉൾപ്പെടുത്തി 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥല മേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടു ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

3) പുതുക്കാട് മുപ്ലിയം കോടാലി റോഡ്

പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 59.20 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. എഫ്.ഡി.ആർ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവർത്തിയുടെ 74.59 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

4) പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 39.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ, എന്നീ റെയിൽവേ മേൽ പാലങ്ങളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. ഇവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

പുതുക്കാട് ആർ.ഒ.ബി - ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും, ടി പ്രവൃത്തി 27.05.2025 ന്

| | | | |
|---|---|---|---|
| | | | ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും, 19.09.2025 ന് ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുള്ളതുമാണ്.<br><br>നന്ദിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ മേൽപ്പാലങ്ങൾക്ക് കിഫ്ബി പദ്ധതി രേഖ അംഗീകരിച്ചിട്ടുണ്ട്. നന്ദിക്കര റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആലത്തൂർ, നെല്ലായി എന്നിവയ്ക്ക് റെയിൽവേയുടെ നിർദ്ദിഷ്ട 3rd & 4th ലൈനിന്റെ അലൈൻമെന്റ് അന്തിമമായാൽ മാത്രമേ ജി.എ.ഡി ക്ക് അംഗീകാരം നൽകുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവർത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ആർ.ബി.ഡി.സി.കെ മുഖേന സ്വീകരിച്ചുവരുന്നു. |
| (ബി) | പുതുക്കാട് ആർ. ഒ. ബി., പുതുക്കാട്- മുപ്ലിയം- കോടാലി റോഡ്, കൊടകര– വെള്ളിക്കുളങ്ങര- കോടാലി റോഡ്, മലയോര ഹൈവേ, പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി-പി.എം.യു വിന്റെ നിർവ്വഹണപരിധിയിൽ ആകെ 4 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>1) <u>മലയോര ഹൈവേ - വിളങ്ങന്നൂർ മുതൽ വെള്ളികുളങ്ങര വരെ</u><br><br>മലയോര ഹൈവേ റോഡിന് 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. പുതുക്കാട് / ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 136.499 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഇതിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന 5.50 കി.മീ. നീളത്തിലുള്ള ഹിൽഹൈവേയുടെ ഭാഗത്തെ TS estimate-നു സാങ്കേതികാനുമതി നൽകുന്നതിന് മുന്നോടിയായി ഫ്രീ സറണ്ടർ വ്യവസ്ഥയിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ബാക്കിയുള്ള 16.325 കി.മീറ്ററിൽ പ്ലാന്റേഷൻ ഏരിയ ഉൾപ്പെടുന്ന ഭാഗത്ത് Compensation land ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br><br><u>2) കൊടകര കോടാലി വെള്ളികുളങ്ങര റോഡ്</u><br><br>കൊടകര – കോടാലി – വെള്ളികുളങ്ങര റോഡിന് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 20.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കരാറുകാരനുമായി എഗ്രിമെന്റ് |

വെയ്യുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം കരാർ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി മാറ്റുന്നതിനുമുള്ള തുകയും ഉൾപ്പെടുത്തി 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥല മേറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെട്ടു ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

<u>3) പുതുക്കാട് മുപ്ലിയം കോടാലി റോഡ്</u>

പുതുക്കാട് - മുപ്ലിയം - കോടാലി റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 59.20 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. എഫ്.ഡി.ആർ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പ്രവർത്തിയുടെ 74.59 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

<u>4) പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ്</u>

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 39.49 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ് പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

പുതുക്കാട്, നന്തിക്കര, നെല്ലായി, ആലത്തൂർ, എന്നീ റെയിൽവേ മേൽ പാലങ്ങളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ മുഖേന നടപ്പിലാക്കുന്ന

| | | | | |
|---|---|---|---|---|
| | | | | പദ്ധതികൾ. ഇവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>പുതുക്കാട് ആർ.ഒ.ബി - ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുള്ളതും, ടി പ്രവൃത്തി 27.05.2025 ന് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും, 19.09.2025 ന് ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുള്ളതുമാണ്.<br><br>നന്ദിക്കര, നെല്ലായി, ആലത്തൂർ റെയിൽവേ മേൽപ്പാലങ്ങൾക്ക് കിഫ്ബി പദ്ധതി രേഖ അംഗീകരിച്ചിട്ടുണ്ട്. നന്ദിക്കര റെയിൽവേ മേൽപ്പാലത്തിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ആലത്തൂർ, നെല്ലായി എന്നിവയ്ക്ക് റെയിൽവേയുടെ നിർദ്ദിഷ്ട 3rd & 4th ലൈനിന്റെ അലൈൻമെന്റ് അന്തിമമായാൽ മാത്രമേ ജി.എ.ഡി ക്ക് അംഗീകാരം നൽകുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br><br>പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവർത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ആർ.ബി.ഡി.സി.കെ മുഖേന സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ